## ഭരണഭാഷ - മാതൃഭാഷ

നം. പി2-2838/18

ജില്ലാ സാമൂഹ്യനീതി ആഫീസ്
പത്തനംതിട്ട
E.mail: dsjopta@gmail.com
Ph: 0468 2325168
തിയതി- 04.10.18

പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ
&
ജില്ലാ സാമൂഹ്യനീതി ഓഫീസർ
പത്തനംതിട്ട

ശ്രീ. ബാലൻ. എൻ.കെ
കലാ നിലയം
വല്ലന, എരുമക്കാട് പി.ഒ
പത്തനംതിട്ട

സർ,

വിഷയം:- ജില്ലാ സാമൂഹ്യനീതി ആഫീസ്, പത്തനംതിട്ട - വിവരാവകാശ നിയമം 2005 അപേക്ഷ - മറുപടി- സംബന്ധിച്ച്.

സൂചന:- താങ്കളുടെ അപേക്ഷ.

താങ്കൾ ആവശ്യപ്പെട്ട 1 മുതൽ 3 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ഈ ആഫീസിൽ ലഭ്യമല്ല. ആയത് കരുണാലയം ചാരിറ്റബിൾ ട്രസ്റ്റ് മുഖാന്തിരം ബന്ധപ്പെടേണ്ടതാണ്.

4. അംഗീകൃത അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗിന്/ലോഡ്ജിംഗിനുമായി 1000 രൂപ പ്രതിമാസം ഗ്രാന്റ് നൽകുന്നു.

5. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ ഗ്രാൻറ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നു.

6. ചാരിറ്റബിൾ ട്രസ്റ്റുകൾ പണപ്പിരിവ് നടത്തുന്നത് സാമൂഹ്യനീതി വകുപ്പിന്റെ അനുവാദത്തോടെയല്ല. വിദേശസഹായം സ്വീകരിക്കുന്നതിന് തടസ്സമില്ല. Foreign Contribution Regulation Act 2010 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സംഭാവന സ്വീകരിക്കാവുന്നതാണ്.

7. ടി പകർപ്പുകൾ ലഭിക്കുന്നതിന് പേജ് ഒന്നിന് 2 രൂപ നിരക്കിൽ 13 പേജിന് ആകെ 26 രൂപ 0070-60-800-42 എന്ന ഹെഡിൽ ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്.

(pto)

8. സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും എല്ലാവിധ അടിസ്ഥാന സൌകര്യങ്ങളും കൂടിയ കെട്ടിടവും ഉണ്ടായിരിക്കണം. ഒരു അന്തേവാസിക്ക് കിടക്കാൻ 40 ച. അടി സ്ഥലം, 1000 sq. Feet മറ്റ് സൌകര്യങ്ങളും ഉണ്ടായിരിക്കണം. പുരുഷന്മാർ 10 പേർക്ക് 2 ബാത്ത്റൂം, ശുചിമുറി, 8 സ്ത്രീകൾക്ക് 2 ബാത്ത്റൂം, ശുചിമുറി എന്നിവ ഉണ്ടായിരിക്കണം. വാടക കെട്ടിടമായാലും ടി സൌകര്യങ്ങൾ ഉറപ്പാക്കണം. സംഘടന രജിസ്ട്രേഡ് ആയിരിക്കണം. കൂടാതെ സ്ഥാപനത്തിന് OCB രജിസ്ട്രേഷൻ, കുട്ടികളുടെ സ്ഥാപനങ്ങൾക്ക് J J ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ, വൈകല്യമുള്ള അന്തേവാസികളെ പാർപ്പിക്കുന്നതിന് PWD Act 2007 പ്രകാരം രജിസ്ട്രേഷൻ, സൈക്കോസോഷ്യൽ സ്ഥാപനമാണെങ്കിൽ സൈക്കോ സോഷ്യൽ ആക്ട് 2012 പ്രകാരമുള്ള രജിസ്ട്രേഷൻ എന്നിവ ആവശ്യമാണ്.

വിശ്വസ്തതയോടെ,

പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ
&
ജില്ലാ സാമൂഹ്യനീതി ആഫീസർ
പത്തനംതിട്ട

അപ്പീൽ അധികാരി : റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം